## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3274

11.05.2017 ൽ മറുപടിക്ക്

### വൻകിട വ്യവസായങ്ങളെ ആകർഷിക്കാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.മോൻസ് ജോസഫ്** | | **ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്ത് വൻകിട വ്യവസായങ്ങളെ ആകർഷിക്കാൻ നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും എന്തെല്ലാം ഇളവുകളാണ് പ്രഖ്യാപിച്ചിട്ടുള്ളത്; | (എ) & (ബി) | സംസ്ഥാനത്ത് വ്യവസായ സൗഹൃദ പരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും വ്യവസായ സംരംഭകർക്കുള്ള സൗകര്യങ്ങൾ സമയബന്ധിതമായി നൽകുന്നതിനും വാണിജ്യ വ്യവസായങ്ങൾ സുഗമമായും വേഗത്തിലും നടത്തുവാൻ ആവശ്യമായ പാരിസ്ഥിതികാവസ്ഥ സൃഷ്ടിക്കുന്നതിനുമായി 'കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട്' എന്ന പേരിൽ നിയമനിർമ്മാണം നടത്താൻ സർക്കാർ തീരുമാനമായിട്ടുണ്ട്. അതുവഴി വ്യവസായ മേഖലയിലെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട അനുമതികൾ സംബന്ധിച്ചുള്ള നിലവിലുള്ള സർക്കാർ നിയമങ്ങൾ /ചട്ടങ്ങൾ, ഉത്തരവുകൾ നിലവിലുള്ള ഏകജാലകനിയമം, അടിസ്ഥാന സൗകര്യമേഖലയിലെ പുരോഗതി, അനുമതിക്കാവശ്യമായ പൊതുഅപേക്ഷാ ഫോറം തുടങ്ങിയവ പരിഷ്കരിക്കാൻ നടപടികൾ തുടങ്ങി. കൂടാതെ നിലവിലുള്ള ഏക ജാലക ക്ലിയറൻസ് സംവിധാനത്തിന്റെ മികച്ച പ്രവർത്തനത്തിന് |
| (ബി) | വിവിധ വകുപ്പുകളിൽ നിന്നും ക്ലിയറൻസ് വാങ്ങുന്ന സമ്പ്രദായം ചുരുക്കണമെന്ന വ്യവസായികളുടെയും യുവസംരംഭകരുടെയും ആവശ്യത്തെ സർക്കാർ എങ്ങനെ നോക്കി കാണുന്നു; വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | 'ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ' (ഐ പി എഫ് സി) ശക്തിപ്പെടുത്തേണ്ടതുണ്ട്. അതിന് ബന്ധപ്പെട്ട വകുപ്പുകളുടെ പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു സ്ഥിരം സെൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ (കെ എസ് ഐ ഡി സി) പ്രവർത്തിക്കുന്നതാണ്.<br>1999 ലെ ഏകജാലക ക്ലിയറൻസ് സംവിധാനത്തിൽ കാലോചിതമായ മാറ്റം വരുത്താനും കൂടുതൽ ഫലപ്രദമാക്കാനും വേണ്ടിയുള്ള നിർദ്ദേശങ്ങൾ ഇതുസംബന്ധിച്ചുള്ള പഠനറിപ്പോർട്ടിൽ പറഞ്ഞപ്രകാരം വിവിധ വകുപ്പുകളുടെ ചട്ടങ്ങളും നിയമങ്ങളും ലഘൂകരിക്കാനും അവയുടെ നവീകരണം സംബന്ധിച്ചും സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. വിവിധ വകുപ്പുകളുടെ അപേക്ഷാ ഫോറങ്ങൾ ഏകീകരിച്ച് ഒരു പൊതു അപേക്ഷാഫോറവും ഓൺലൈൻ സംവിധാനവും നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | കേരളത്തിൽ വ്യവസായം നടത്തുന്നത് എളുപ്പത്തിലാക്കാൻ നിലവിലുള്ള ചുമട്ടു തൊഴിലാളി നിയമം ഉൾപ്പെടെ ഭേദഗതി വരുത്തുവാൻ നടപടി സ്വീകരിക്കുമോ? | (സി) | ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിനായി തൊഴിൽ വകുപ്പ് ഉൾപ്പെടെയുള്ള മറ്റു ബന്ധപ്പെട്ട വകുപ്പുകളെ സംബന്ധിച്ച പഠനറിപ്പോർട്ടിൽ കണ്ടെത്തിയ പ്രകാരം ആവശ്യമായ മാറ്റം വരുത്തേണ്ടതായ നിയമങ്ങൾ/ചട്ടങ്ങൾ/ഉത്തരവുകളിൽ കാലോചിതമായ മാറ്റം വരുത്താൻ സർക്കാർ തീരുമാനമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ